മഹാകവി മോയിൻകുട്ടി വൈദ്യരുടെ സ്മാരകത്തിൽ ഒരു ഫെലിസിറേഷൻ സെൻറർ ആരംഭിക്കാൻ നടപടി

90 [2079] ശ്രീ. കെ. എൻ .എ. ഖാദർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. അബ്ദു റബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി വൈദ്യരുടെ സ്മാരകത്തിൽ ഒരു ഫെലിസിറേഷൻ സെൻറർ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് ടൂറിസം മന്ത്രിക്ക് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഈ ആവശ്യം നിറവേറ്റുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച ഒരു കത്ത് ശ്രീ. കെ. എൻ. എ. ഖാദർ എം. എൽ. എ.-യിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

(ബി, സി) വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ടൂറിസം ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിലെ ടൂറിസം വികസന പദ്ധതികൾ

91 [2080] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിൽ തൊട്ട് പൂവ്വാർ വരെയുള്ള തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിൽ ടൂറിസം വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയുടെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, ശംഖുമുഖം, വേളി, ആക്കുളം, വർക്കല, പൊൻമുടി, പേപ്പാറ, നെയ്യാർ ഡാം എന്നിവയുടെ വികസനത്തിന് നടപ്പു സാമ്പത്തിക വർഷത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവയിലോരോ പ്രദേശത്തിനും വേണ്ടി എന്ത് തുക വീതമാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly